# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4050

### 12-11-2019 ൽ മറുപടിക്ക്

### കിഫ്ബി പദ്ധതികളിൽ ജോയിൻറ് വെഞ്ചർ

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതി നടത്തിപ്പുകളിൽ ജോയിൻറ് വെഞ്ചർ സ്വീകരിക്കുന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;<br>(ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളിൽ അഞ്ച് കോടിക്ക് താഴെയുള്ള വർക്കുകൾക്കുകൂടി ജോയിൻറ് വെഞ്ചർ നടപ്പാക്കണമെന്ന ചെറുകിട കരാറുകാരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | കിഫ്ബി ധനാനുമതി നല്കുന്ന പദ്ധതികളുടെ പ്രവൃത്തി നടപ്പിലാക്കുന്നത് ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികളാണ് (എസ് .പി .വി ). ആയതിനാൽ പദ്ധതികളുടെ കരാർ നടപടികൾ സ്വീകരിക്കുന്നത് അതാത് ഭരണവകുപ്പിന് കീഴിൽ സർക്കാർ അംഗീകരിച്ച കരാർ രേഖകൾക്ക് അനുസൃതമായാണ് . ഇതിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കേണ്ടത് അതാത് ഭരണവകുപ്പുകളാണ്. |

സെക്ഷൻ ഓഫീസർ